manoramaonline.com

അമ്മയ്ക്ക് ഒരു സ്വപ്നമുണ്ടായിരുന്നു
ബി ശ്രീരേഖ

Mon Jul 20 22:54:56 GMT 2009

ഡോ. വി പി ഗംഗാധരൻ : പ്രഗത്ഭനായ കാൻസർ രോഗ വിദഗ്ധൻ. കൊച്ചി ലേക്ഷോർ ആശുപത്രിയിലെ കാൻസർ ചികിത്സാ വിഭാഗം മേധാവിയാണ്. തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുട സ്വദേശി. അച്ഛൻ പത്മനാഭൻ നായർ. അമ്മ സരസ്വതിയമ്മ.

സരസ്വതിയമ്മ വി കെ.
കെയറോഫ് പത്മനാഭൻ നായർ,
17, മിഡിൽ സ്ട്രീറ്റ്,
റോയപ്പപുരം, തിരുപ്പൂർ...

നീല ഇൻലൻഡിന്റെ പുറത്തു മെലിഞ്ഞ അക്ഷരങ്ങളിൽ ആ മേൽവിലാസമെഴുതുന്ന നാലാം ക്ലാസുകാരനെ ഞാൻ ഇന്നുമോർക്കുന്നു. അമ്മ ദൂരെയായിരുന്നു. തമിഴ്നാട്ടിലെ തിരുപ്പൂരിൽ. അച്ഛന് അവിടെ ടെക്സ്റ്റൈൽ ടെക്നോളജി ബിസിനസ് ആയിരുന്നു. അച്ഛനോടൊപ്പമാ യിരുന്നു അമ്മ. ഞാനും ചേച്ചിയും ഇരിങ്ങാലക്കുടയിൽ അമ്മൂമ്മയുടെ കൂടെ.

മൂന്നാം ക്ലാസ് വരെ ഞാൻ തിരുപ്പൂരാണു പഠിച്ചത്. നാലാം ക്ലാസായ പ്പോഴാണു നാട്ടിലേക്കു പോന്നത്. അമ്മ അടുത്തില്ലാത്തതിന്റെ സങ്കടം അന്നു തൊട്ട് എന്നെ പൊതിഞ്ഞു നിന്നു. അവധിക്കാലംകാത്തിരിക്കു ന്ന കുട്ടിയായി ഞാൻ. അവധിക്കാലമാവുമ്പോൾ അമ്മ വരും. അല്ലെങ്കി ൽ, ഞങ്ങളെ തിരുപ്പൂരേക്കു കൊണ്ടുപോകും. അമ്മയെ കാണാനുള്ള കാത്തിരിപ്പ്– നൊമ്പരവും പ്രതീക്ഷയും കൂടികലർന്ന വികാരമായിരു ന്നു അത്. നാലാം ക്ലാസിൽ പഠിക്കുമ്പോൾ മുതൽ ഞാൻ അമ്മയ്ക്ക് എഴുത്തയയ്ക്കുമായിരുന്നു. അമ്മ അരികില്ലാത്തതിന്റെ കുറവു ഞാൻ നികത്തിയത് കത്തുകളിലൂടെയാണ്. എനിക്കുള്ള കത്തുകളിലെല്ലാം അമ്മ ഓർമിപ്പിക്കും. മോനേ നന്നായിട്ടു പഠിക്കണം. പഠിത്തത്തിനു പകരമാവില്ല ഒന്നും...

അമ്മ കർശനമായി നിയന്ത്രണങ്ങളൊന്നും വയ്ക്കില്ല. ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോഴുള്ള ഒരു സംഭവം. അമ്മ അവധിക്കാലത്തു വീട്ടിൽ വന്നതാണ്. ഞാൻ പുകവലിക്കുന്നു ണ്ടെന്ന് ആരോ അമ്മയെ പറഞ്ഞു കേൾപ്പിച്ചു, അമ്മയെന്നെ അടുത്തു വിളിച്ചു: നോക്ക്, എല്ലാ സ്വാതന്ത്ര്യവും തന്നാണു നിങ്ങൾ നാലു മക്കളെയും വ ളർത്തുന്നത്... വിശ്വാസമുള്ളതു കൊണ്ടാണങ്ങനെ. നീ വലിച്ചെങ്കിൽ വലിച്ചൂന്ന് പറയണം.

സിഗരറ്റ് വലിക്കരുതെന്ന് അമ്മ പറഞ്ഞില്ല. ബഹളം വച്ചതുമില്ല. പക്ഷേ, അമ്മ അതിഷ്ടപ്പെടുന്നില്ലെന്നു സൂചനയുണ്ടായിരുന്നു. പിന്നീടൊരിക്കലും ഞാൻ പുകവലിച്ചിട്ടില്ല. മദ്യപിച്ചിട്ടുമില്ല. കൂട്ടുകാർ മദ്യപിച്ച് ആഘോഷിക്കുന്ന സദസുകളിൽ ഞാൻ കൂടെയിരിക്കാറുണ്ട്. പക്ഷേ, മദ്യം തൊടാൻ പോലും തോന്നിയിട്ടില്ല ഇന്നേവരെ. അന്ന്, എന്റെ പതിനാലാം വയസിൽ അമ്മ പറഞ്ഞ വാക്കുകൾ അത്രയ്ക്കു മനസിൽ പതിഞ്ഞിരുന്നു.

**എന്നെ ഡോക്ടറാക്കിയത് അമ്മ**
ഞാൻ ഡോക്ടറാകാനുള്ള കാരണം അമ്മയാണെന്നു പറയാം. പ്രീഡിഗ്രി കഴിഞ്ഞ സമയം. എന്റെ ചേട്ടൻ എൻജിനീയറിങ്ങിനു പോയി. മൂത്ത സഹോദരി എംബിബിഎസിനും... കുടുംബപരമായ ബിസിനസ് ഞാൻ

പിന്തുടരണമെന്നായിരുന്നു അച്ഛന്റെ മോഹം. പക്ഷേ അമ്മ സമ്മതിച്ചില്ല.

നിനക്ക് എംബിബിഎസിനു കിട്ടുകയാണെങ്കിൽ അതിനു പോണം. അമ്മ തീർത്തു പറഞ്ഞു. അമ്മ അങ്ങനെ ആഗ്രഹിക്കാൻ ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. അമ്മയുടെ ജ്യേഷ്ഠൻ ഡോക്ടറായിരുന്നു. പേരു ഗം ഗാധരൻ. ചെറുപ്പത്തിലേ മരിച്ചു പോയി. ഞാൻ ജനിക്കുന്നതിനു മുമ്പേ. അകാലത്തിലേയുള്ള ആ വേർപാട് അമ്മയുടെ തീരാനൊമ്പരമായിരുന്നു. അദ്ദേഹത്തിന്റെ ഓർമയ്ക്കാണ് എനിക്ക് ഗംഗാധരൻ എന്നു പേരിട്ടത്. ഞാൻ ഡോക്ടറായി കാണണം എന്ന് അമ്മ ആഗ്രഹിക്കാൻ ആ വേർപാട് ഒരു നിമിത്തമായി.

പ്രീഡിഗ്രി മാർക്കനുസരിച്ചാണ് അക്കാലത്തു മെഡിസിൻ പ്രവേശനം. എനിക്ക് എംബിബിഎസിനു കിട്ടി. അമ്മ വ ളരെ സന്തോഷവതിയായി. പിന്നീടു ഞാൻ ഡോക്ടർ പഠനം പൂർത്തിയാക്കിയപ്പോഴും കാൻസർ ചികിത്സയിൽ വൈദഗ്ധ്യം നേടിയപ്പോഴു മെല്ലാം അമ്മ ഒരു ഓർമപ്പെടുത്തിലിന്റെ സ്വരത്തിൽ പറഞ്ഞു: നിന്റെ അമ്മാവനെ അദ്ദേഹത്തിന്റെ രോഗികൾക്ക് വലിയ സ്നേഹമായിരുന്നു. അങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. നീയും അതുപോലെയാകണം.

അമ്മയുടെ ആ വാക്കുകൾ പിന്തുടരാൻ ഞാൻ എല്ലായ്പ്പോഴും ശ്രമിച്ചിട്ടുണ്ട്. ഒരു കാൻസർ ചികിത്സാ വിദഗ്ധൻ കടന്നു പോകുന്ന ലോകം മനസു പൊള്ളിക്കുന്നതാണ്– രോഗവും വേദനകളും മരണവും കണ്ണീരും... എല്ലാം ഇടകലർന്ന്.... ചിലപ്പോൾ ഡോക്ടറുടെ മനസുറപ്പു പോലും തകരുന്നു. ഇതുപോലൊരു ലോകത്ത് എന്റെ രോഗികളുടെ സ്നേഹവും വിശ്വാസവും എനിക്കു കൂട്ടായുണ്ട്.

ഞാൻ തിരുവനന്തപുരം ആർസിസിയിൽ ജോലി ചെയ്യുന്ന സമയം. ജീവിതത്തിലെ പരീക്ഷണഘട്ടമായിരുന്നു അത്. പലതരം എതിർപ്പുകളെ നേരിടേണ്ടി വന്നു. ആർ സി സിയിൽ ജോലി ചെയ്യാൻ തുടങ്ങിയ സമയത്ത് വീട്ടിൽ പ്രാക്ടീസ് ചെയ്യാനുള്ള അനുവാദമുണ്ടായിരുന്നു. പിന്നീട് അതിനു വിലക്കു വന്നു. ആ സമയത്തു കാൻസർ ബാധിതരും അവരുടെ വേണ്ടപ്പെട്ടവരുമായി ഒരുപാടു പേർ എന്നെ കാണാൻ വരുമായിരുന്നു. പണമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നില്ല ഞാനവരെ കണ്ടത്. ഒരു ദിവസം കുറേ ദൂരെ ഷൊർണൂരു നിന്ന് ഒരു കുട്ടിയും അവന്റെ അച്ഛനും എന്നെ കാണാൻ വന്നു. രക്താർബുദം ബാധിച്ച കുട്ടിയാണ്. മുമ്പ് ഞാൻ കണ്ടിരുന്നതാണ്. ഞാൻ ഹോസ്പിറ്റലിൽ നിന്ന് വന്നപ്പോൾ ഇവർ വീടിന്റെ മുന്നിൽ കിടക്കുകയാണ്. ആ ദിനങ്ങളിൽ വിജിലൻസ് ഉദ്യോഗസ്ഥൻമാർ സദാസമയം എന്റെ വീടിന്റെ പരിസരത്തു കാവൽ നിന്നിരുന്നു.

അമ്മേ ഞാനാ കുട്ടിയെ നോക്കുന്നതെങ്ങനെ? അപ്പുറത്ത് വിജിലൻസിന്റെ ആളുകളുണ്ട്. ചിലപ്പോ ഇതോടെ ജോലി പോകും. ഞാൻ അമ്മയോടു പറഞ്ഞു.അമ്മ ഓർമപ്പെടുത്തി: ഇത്രയും ദൂരെ നിന്നു നിന്നെ തേടി വന്ന ആ രോഗിയെ കാണാതിരിക്കുന്നതു കഷ്ടമാണ്. നീ പണം വാങ്ങുന്നില്ലല്ലോ. ഇതിന്റെ പേരിൽ ജോലി പോയി ജയിലിൽ കിടക്കേണ്ടി വന്നാൽ കിടക്കാമെന്നു വയ്ക്കൂ. ആ കാലഘട്ടത്തിൽ അമ്മ ധൈര്യവതിയായി എന്റെയൊപ്പം നിന്നു.

**കുട്ടിക്കാലത്തിന്റെ നഷ്ടം**

ബാല്യത്തിൽ എനിക്ക് അമ്മയെ എപ്പോഴും അടുത്തു കിട്ടാതെ പോയതിന്റെ നൊമ്പരം ഇപ്പോഴും ബാക്കിയാണ്. അതുകൊണ്ട് എന്റെ മക്കളുടെ കുട്ടിക്കാലത്ത് അവരെ പിരിഞ്ഞിരിക്കാതിരിക്കാൻ ഞാനും ഭാര്യയും വളരെ ശ്രദ്ധിച്ചിട്ടുണ്ട്.ഇപ്പോൾ ജോലിത്തിരക്കിനിയിൽ എനിക്കിടയ്ക്കു കുറ്റബോധം തോന്നും– അമ്മ ആഗ്രഹിക്കുന്നത്ര സമയം അമ്മയോടൊപ്പം ഇരിക്കാൻ സാധിക്കുന്നില്ലല്ലോയെന്ന്. എങ്കിലും അമ്മ സംതൃപ്തയാണ്. എനിക്കറിയാം. ഇടയ്ക്ക്, എന്റെ കൂടെ തൃപ്പൂണിത്തുറയിലെ വീട്ടിൽ നിൽക്കുമ്പോൾ എന്നെ കാണാൻ വരുന്ന രോഗികൾ അമ്മയെയും കാണും. അമ്മയോടു വർത്തമാനം പറയും.

അവരെന്താ അമ്മയോടു പറഞ്ഞത്? ഞാൻ ചോദിക്കുമ്പോൾ അമ്മയുടെ കണ്ണിൽ നനവുള്ള ചിരി വിടരുന്നു: അമ്മ ഭാഗ്യവതിയാണെന്നാടാ പറഞ്ഞത്! നിന്നെ അവർക്ക് എത്ര സ്നേഹമാണെന്നോ! അമ്മയുടെ ശബ്ദമിടറുന്നു.ഒരുപക്ഷേ, അമ്മ അമ്മാവനെ ഓർക്കുകയാവാം. ചെറുപ്പത്തിലേ മരിച്ചു പോയ, തന്റെ രോഗികളുടെ സ്നേഹം പിടിച്ചു പറ്റിയിരുന്ന, അമ്മയുടെ പ്രിയപ്പെട്ട ജ്യേഷ്ഠനെ.

Print

Close